## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ആലത്തൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5553

27-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ആലത്തൂർ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ട മരാമത്തുപ്രവൃത്തികളിൽ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെങ്കിലുമുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | ആലത്തൂർ എം.എൽ.എ.യുടെ 2016-17-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള 9 പ്രവൃത്തികളിൽ, 50 ലക്ഷം രൂപ അടങ്കൽ തുകയുള്ള വണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിന്റെ റിനോവേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാത്രമാണ് പൂർത്തിയാകാനുള്ളത്. ഈ പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി മാത്രമേ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല എങ്കിൽ ഇത് വൈകാനുണ്ടായ കാരണം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ